## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4950

21.10.2011-ൽ മറുപടിക്ക്.

### പ്രവാസികൾക്കുമാത്രമായി സംസ്ഥാന സർക്കാർ ആഭിമുഖ്യത്തിൽ വ്യവസായ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എൻ.എ. ഖാദർ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) പ്രവാസികൾക്കുമാത്രമായി സംസ്ഥാന സർക്കാർ ആഭിമുഖ്യത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;<br>(ബി) ഇതിനായി മുതൽമുടക്കുവാൻ തയ്യാറുള്ള പ്രവാസികളെ കണ്ടെത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;<br>(സി) ഇതുവരെ കേരളത്തിൽ പ്രവാസികൾക്ക് മാത്രമായി നടത്തുന്ന എത്ര സംരഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ;<br>(ഡി) ഈ വ്യവസായങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടോയെന്നറിയിക്കുമോ ? | (എ), (ബി), (സി) & (ഡി).<br>പ്രവാസികൾക്കു മാത്രമായി വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കെ.എസ്.ഐ.ഡി.സി, കിൻഫ്ര, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നിവ മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്. എമർജിംഗ് കേരള 2012-ന്റെ ഭാഗമായും നിക്ഷേപം നടത്തുവാൻ തയ്യാറുള്ള പ്രവാസികൾക്ക് എല്ലാ സഹായവും ചെയ്യുന്നതാണ്. കൂടാതെ കെ.എസ്.ഐ.ഡി.സി സുവർണ്ണ ജൂബിലിയുടെ ഭാഗമായി 31.07.2011 മുതൽ 30.07.2012 വരെ പ്രവാസി വ്യവസായികൾക്ക് 2% പലിശ നിരക്കിൽ ഇളവോടു കൂടി വായ്പ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വ്യവസായം ആരംഭിക്കുന്ന സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങളും, വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള അനുബന്ധ അനുമതികളെല്ലാംതന്നെ ഏകജാലക സംവിധാനം വഴി ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ കിൻഫ്രയും നടപ്പിലാക്കിയിട്ടുണ്ട്. ഇതു പ്രകാരം നിരവധി പ്രവാസി വ്യവസായ സംരംഭകർ അവരുടെ യൂണിറ്റുകൾ കിൻഫ്രയുടെ പാർക്കുകളിൽ വിജയകരമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ